സത്യദീപം

**ULife**

# സത്യോപാസനയും വിശുദ്ധിയുടെ സാകല്യവും

*ഫാ. പോളി പയ്യപ്പിള്ളി സി.എം.ഐ.*




**Sathyadeepam**

Published on : 2 Sep, 2022, 9:19 pm

## വർഷങ്ങൾക്കുമുമ്പ്, ഡയലോഗിനെക്കുറിച്ച് കേട്ടുകേൾവിയില്ലാത്ത കാലത്ത് റെക്റ്ററച്ചൻ കുട്ടികളോട് ആലോചന നടത്തുന്നതു വലിയൊരു അപരാധമായിരുന്നു. എന്നാൽ ആ അപരാധം തിരുത്താൻ അദ്ദേഹം തയ്യാറായില്ല.

'എന്റെ പുണ്യജീവിതം മുഴുവൻ സത്യത്തോടുള്ള സ്നേഹമാണ്.'' ആണ്ടുകൾ നീണ്ട അന്വേഷണത്തിന്റെ അന്ത്യത്തിൽ ഒരു വിശുദ്ധാർത്ഥിയിൽ ഉരുവായ ആഴമായ അവബോധമാണിത്. ഇട്ടൂപ്പുണ്ണി എന്നായിരുന്നു അദ്ദേഹത്തിന്റെ പൂർവാശ്രമനാമം. തൃശൂർ ജില്ലയിലെ പാവറട്ടിയിൽ ഒലക്കേങ്കിൽ തറവാട്ടിൽ പൗലോസ്, മറിയം ദമ്പതിമാരുടെ മകനായി 1920 നവംബർ 27-ാം തീയതിയായിരുന്നു ജനനം. CMI സന്ന്യാസസമൂഹത്തിൽ പുണ്യചരിതനായ ഡൺസ്റ്റനച്ചനായി അദ്ദേഹം പരിണമിച്ചതു സത്യവഴിയിൽ നിരന്തരം ചരിച്ചുകൊണ്ടാണ്. സ്വന്തം കുടുംബം തന്നെയായിരുന്നു ആ സഞ്ചാരത്തിന്റെ പ്രഥമ പദം.

കുടുംബത്തിലെ ആദ്ധ്യാത്മികാന്തരീക്ഷമാണ് ഇട്ടൂപ്പുണ്ണിയിൽ ദിവ്യവും ദൃഢവുമായ ബോദ്ധ്യങ്ങൾ നിറച്ചത്. മാതാപിതാക്കളുടെ ചിട്ടയായ പരിശീലനം

വിശുദ്ധി മുളയെടുത്തു വളരുന്നതിന് അനുകൂലമായ വ്യക്തിത്വഭാവങ്ങൾ രൂപപ്പെടുത്തി. കുടുംബത്തിൽ പതിവായി നടന്നിരുന്ന ജ്ഞാനവായന, സവിശേഷമായി വിശുദ്ധരുടെ ജീവചരിത്ര പാരായണം സുകൃതങ്ങൾ വേരുറച്ചു വളരുന്നതിനും സന്ന്യാസദൈവവിളിയിൽ പുരോഗമിക്കുന്നതിനും സഹായകമായി. സർവ്വോപരി പുണ്യചരിതയായ മൂത്ത പെങ്ങൾ കുഞ്ഞേത്തിയുടെ മധുരഭാഷണവും മാതൃകയും വിശുദ്ധിയുടെ സോപാനത്തിലേക്കു വഴിതെളിച്ചു.

വിശുദ്ധനാകുന്നതിനുള്ള ഇട്ടൂപ്പുണ്ണിയുടെ പരിശ്രമം വളരെ തീക്ഷ്ണമായിരുന്നു. എന്നാൽ ആ യത്നത്തിനിടയിൽ നേരിട്ട പ്രതിസന്ധികൾ അവനെ തളർത്തി. പലപ്പോഴും പരാജയം ഏറ്റുവാങ്ങി. തുടർച്ചയായ തോൽവികൾ മൂലം 'ഞാൻ ജനിച്ചില്ലായിരുന്നെങ്കിൽ' എന്ന നിരാശാജനകമായ വിഷാദ ഭാവത്തിൽ നാളുകൾ നീങ്ങി.

### ഇന്ത്യയ്ക്ക് ഒരു വിശുദ്ധൻ

ഒരു ദിവസം പെങ്ങൾ കുഞ്ഞേത്തി പറഞ്ഞു: 'നമ്മുടെ നാട്ടിൽ ഇതുവരെയും പുണ്യവാന്മാരുണ്ടായിട്ടില്ല.'' വളരെ വിഷമത്തോടെയാണ് ഇട്ടൂപ്പുണ്ണി ആ പ്രസ്താവന ശ്രവിച്ചത്. 'അന്യനാട്ടുകാർക്കു കൈ വന്ന ഭാഗ്യം നമുക്കില്ലല്ലോ എന്നോർത്തു ഞാൻ വളരെ ദുഃഖിതനായി... സ്വരാജ്യസ്നേഹത്തിന്റെ തള്ളൽ

എന്നതായിത്തീർന്നു എന്റെ ലക്ഷ്യം.'' ഡൺസ്റ്റനച്ചൻ അനുസ്മരിക്കുന്നു. അങ്ങനെ സ്വ രാജ്യ സ്നേഹം ഇട്ടൂപ്പുണ്ണിയുടെ വിശുദ്ധിയിലേക്കുള്ള യാത്രയെ വീണ്ടും ഉന്മേഷഭരിതമാക്കി. 'സ്വ രാജ്യ സ്നേഹമാണ് എന്റെ സകല ഭാഗ്യങ്ങളുടെയും ആരംഭം.'' ഡൺസ്റ്റനച്ചൻ ഏറ്റു പറയുന്നു.

തന്റെ ഏഴാമത്തെ വയസ്സിൽ വിശുദ്ധപദത്തെക്കുറിച്ച് ഉണ്ടായിരുന്ന അവബോധമെന്തെന്നു ഡൺസ്റ്റനച്ചൻ കുറിക്കുന്നുണ്ട്: 'കൊവേന്ത പള്ളിയിൽ (പാവറട്ടി സെന്റ് തോമസ് മൊണാസ്ട്രി) മുട്ടുകുത്തി നിൽക്കുമ്പോൾ അവിടെയുള്ള ചെറിയ അൾത്താരകൾ കാണുമ്പോൾ ഒരു ദിവസം ഞാനും (എന്റെ രൂപവും) അതുപോലെയുള്ള ഒന്നിൽ പ്രതിഷ്ഠിക്കപ്പെടുമെന്നും പാവറട്ടിയുടെ നില ഞാൻ മൂലം ഉയരുമെന്നുമുള്ള വിചാരങ്ങൾ നിരന്തരമായി ഉണ്ടായികൊണ്ടിരുന്നു. ഇന്ത്യയിലെ ആദ്യത്തെ പുണ്യവാളനാകണം. എന്റെ മൃതശരീരം പാവറട്ടിയിൽ അടക്കപ്പെടണം.''

വിശുദ്ധനാകുകയെന്ന ആഗ്രഹം ചെറുപ്രായത്തിൽതന്നെ സ്വന്തം അകത്തളത്തിൽ മുളയെടുത്ത് മജ്ജയിലും മാംസത്തിലും ആവേശമായി വളർന്നു പടർന്നു സ്വന്തം ഉണ്മയെ മുഴുവനുമായി പുണർന്നു. നാളുകൾ മുന്നേറിയപ്പോൾ ഇട്ടൂപ്പുണ്ണി ഒരു യാഥാർത്ഥ്യം തിരിച്ചറിഞ്ഞു. തന്റെ

'പുണ്യവാനാകുക എന്ന ആഗ്രഹത്തിൽ ലോകത്തിന്റെ സ്തുതി ബഹുമാനങ്ങൾക്കു വേണ്ടിയുള്ള ആഗ്രഹങ്ങളും ആശയങ്ങളും കലർന്നിരിക്കുന്നു.'' 'ബാല്യകാലത്തെ ബാലിശമായ ആഗ്രഹങ്ങൾ'' എന്ന് അദ്ദേഹം അവയെ വിശേഷിപ്പിക്കുന്നു. 'കത്തോലിക്കാ വിശ്വാസത്തോടു കൂടിയുള്ള സ്വരാജ്യസ്നേഹ''മെന്ന അടിസ്ഥാനത്തിലാണ് താൻ പണി തുടങ്ങിയത്. ഇപ്പോഴിതാ 'എല്ലാം തകർന്നതായി അനുഭവപ്പെടുന്നു.'' 'ദൈവസ്നേഹത്തിൽ പ്രേരിതനായി വിശുദ്ധനാകാൻ പരിശ്രമിക്കുകയെന്നത് ആരംഭത്തിൽ അത്ര എളുപ്പമുള്ള സംഗതിയായിരുന്നില്ല,'' അച്ചൻ തുറന്നു പറയുന്നു.

തകർന്നു പോയെങ്കിലും ഇട്ടൂപ്പുണ്ണി അന്വേഷണം തുടർന്നു. ആ ആത്മീയാന്വേഷണം പൂവണിഞ്ഞതു സത്യത്തോടുള്ള സ്നേഹത്തിലാണ്. 'പുണ്യവാനാകുവാൻ പരിശ്രമിച്ചു പരിശ്രമിച്ച് ഒടുവിൽ ഒരു ദിവസം എനിക്കുതന്നെ ഞാൻ ഒരു മഹാപാപിയായി പ്രത്യക്ഷപ്പെട്ടപ്പോൾ, ജന്മനാ ഭീരുവും ലജ്ജാശീലനുമായ എനിക്ക്, എന്റെ നിർഭാഗ്യസ്ഥിതി ഏറ്റുപറഞ്ഞു പുണ്യജീവിതം പുനരാരംഭിക്കുന്നതിനു സഹായമായിത്തീർന്നത് എന്റെ സത്യസ്നേഹമാണ്. അതു വഴിയായി എന്റെ കർത്താവിന്റെ പക്കൽ ഞാൻ കൃപ കണ്ടെത്തി. എന്റെ പശ്ചാത്താപം ഫലശൂന്യമായ നിരാശയായി പകരാതെ പൂർവ്വാധികം ശക്തിയുള്ള ഒരു നവജീവൻ പ്രാപിക്കുവാനും അതു

പൂർണ്ണതയുടെ വിജയവഴിയായി ഡൺസ്റ്റനച്ചൻ സത്യസന്ധതയെ കണ്ടെത്തി. അച്ചൻ അനുസ്മരിക്കുന്നു: 'എന്റെ പുണ്യജീവിതം മുഴുവൻ 'സത്യത്തോടുള്ള സ്നേഹം' 'Love of Truth' ആണ്. സത്യത്തെ സ്നേഹിക്കുക.'' അങ്ങനെ വിശുദ്ധനാകണമെന്ന ആഗ്രഹവും ലക്ഷ്യവും ഡൺസ്റ്റനച്ചനെ സത്യസ്നേഹിയാക്കി; സത്യോപാസകനാക്കി. സത്യസാക്ഷാത്കാരം ജീവിതലക്ഷ്യമായി.

സത്യസ്നേഹത്തിന്റെ വഴിയിൽ തികഞ്ഞ ആത്മവിശ്വാസത്തോടെ മുന്നേറുമ്പോഴും ഭാരതത്തിലെ ആദ്യത്തെ വിശുദ്ധനാകുകയെന്ന ചിന്ത അച്ചനെ മുഴുവനുമായി വിട്ടുപോയില്ല. പകരം അതു കൂടുതൽ ഉദാത്തമായ തലങ്ങളിൽ ഒഴുകി. 1947-ൽ തിരുപ്പട്ടത്തിന്റെ തലേനാൾ എഴുതിയ കുർബാന നിയോഗങ്ങളിൽ മൂന്നാമത്തേത്, 'ഇന്ത്യാക്കാരായ പുണ്യപ്പെട്ടവർ വിശുദ്ധന്മാരുടെ പട്ടികയിൽ ചേർക്കപ്പെടുന്നതിന്' എന്നാണ്.

ഡൺസ്റ്റനച്ചൻ അനുസ്മരിക്കുന്നു: 'ഇന്ത്യയ്ക്ക് ഒരു വിശുദ്ധനെ ലഭിക്കുന്നതിനുവേണ്ടി ഇത്രയും കൊല്ലങ്ങൾ ജീവിതമർപ്പിച്ചു കൊണ്ട് പരിശ്രമിച്ചിട്ടുള്ളവർ ഉണ്ടാകുമെന്നു തോന്നുന്നില്ല. മാതൃഭൂമിയുടെ ഉന്നമനത്തിനായി പരിശ്രമിച്ചിട്ടുള്ളവരിൽ അഗ്രഗണ്യനാകുവാൻ ഞാൻ ആഗ്രഹിക്കുന്നു... ഏഴു വയസു മുതൽ മരണംവരെ മാതൃഭൂമിക്കുവേണ്ടി

ത്യാഗങ്ങൾ അനുഷ്ഠിക്കാൻ, ജീവിതമർപ്പിക്കാൻ പ്രേരണ നൽകുന്നതിനു കത്തോലിക്കാ വിശ്വാസത്തിനു കഴിവുണ്ടെന്നു ലോകം അറിയട്ടെ. ദൈവം തന്റെ മഹത്വം ഇന്ത്യയിൽ വെളിപ്പെടുത്തുന്നതിനായി ഇടവരട്ടെ. നിന്റെ മനസു നിറവേറുന്നതിനായി നിന്നിൽ ഞാൻ സർവ്വരാജ്യങ്ങളേയും ആശ്ലേഷിക്കുന്നു...

'ഇന്ത്യയെ ഞാൻ സ്നേഹിച്ചതുകൊണ്ടാണ് നിന്റെ നേരെയുള്ള സ്നേഹത്തിൽ ഞാൻ പുരോഗമിക്കുവാൻ തുടങ്ങിയത്. ഇന്നിപ്പോൾ ഇന്ത്യയെ സ്നേഹിക്കുന്നതു നിന്നെ സ്നേഹിക്കുന്നതുകൊണ്ടു മാത്രമാണ്, നിന്നിൽ മാത്രമാണ്.'' അങ്ങനെ വിശുദ്ധനാകുന്നതിന് അഭിപ്രേരണയായി ദൈവ സ്നേഹം അദ്ദേഹത്തിൽ വളർന്നു.

### ദൈവം മാത്രം സത്യം

''സത്യമായിട്ട് ഒന്നു മാത്രമേയുള്ളൂ. അതു ദൈവമാണ്.'' ഡൺസ്റ്റനച്ചൻ സ്വന്തം വിശ്വാസം ഏറ്റു പറയുന്നു. ഈ വിശ്വാസം അദ്ദേഹത്തെ സത്യത്തിന്റെ സാധകനാക്കി.

എഡിത്ത് സ്റ്റെയിൻ എന്നറിയപ്പെടുന്ന കുരിശിന്റെ വി. തെരേസ ബെനഡിക്റ്റ പറയുന്നു: 'Whoever seeks the truth is seeking God, whether consciously or unconsciously.' 'സത്യത്തെ തേടുന്നവർ അറിഞ്ഞോ അറിയാതെയോ ദൈവത്തെ തേടുന്നു.'' ഡൺസ്റ്റനച്ചൻ ജീവിതത്തിൽ അനുനിമിഷം സത്യത്തെ

സത്യത്തെ നിരന്തരം അന്വേഷിച്ചു. അതിനെ സർവ്വസ്വവുമായി കരുതി. സത്യമല്ലാത്ത എല്ലാത്തിൽനിന്നും മനസ്സിനെ മോചിപ്പിച്ചു. പ്രാർത്ഥനയും പരിത്യാഗവുംവഴി തന്നെത്തന്നെ ശുദ്ധീകരിച്ചു. ദൈവികസുകൃതങ്ങൾ നിരന്തരമായി അഭ്യസിച്ചു. നിത്യസത്യമായ ദൈവവുമായുള്ള ഐക്യത്തിനും സായൂജ്യത്തിനുമായി തന്നെത്തന്നെ സമർപ്പിച്ചു. നിത്യസത്യമായ ദൈവത്തെ കണ്ടെത്തി.

**സത്യം ആത്യന്തികം, ആപേക്ഷികം**

ജീവിതം സത്യാന്വേഷണ പരീക്ഷണമാക്കി മാറ്റിയ മഹാത്മാഗാന്ധി സത്യത്തിന് ആത്യന്തികം, ആപേക്ഷികം എന്നീ സ്വഭാവങ്ങളുണ്ടെന്നു പറഞ്ഞു. പരമസത്യമായ ദൈവമാണ് ആത്യന്തികസത്യം. ചിന്തയിലും വാക്കിലും കർമ്മത്തിലും പരസ്പരധാരണയും പൊരുത്തവും ഉണ്ടായിരിക്കുകയെന്നത് ആപേക്ഷികസത്യം. ആത്യന്തിക സത്യം കണ്ടെത്തുവോളം ആപേക്ഷികസത്യത്തെ മുറുകെപ്പിടിക്കുകയെന്നതു ജീവിതവ്രതമായി അദ്ദേഹം കരുതി. സത്യത്തെക്കുറിച്ചുള്ള ഈ ഗാന്ധിയൻ ദർശനത്തിന്റെ നേർസാക്ഷ്യമായിരുന്നു ഡൺ സ്റ്റനച്ചൻ.

പരമസത്യമായ ദൈവത്തെ പുൽകുന്നതിനുള്ള യാത്രയിൽ, അനുദിനജീവിത സാഹചര്യങ്ങളിൽ വാക്കിലും പ്രവൃത്തിയിലും സത്യസ്നേഹത്തിന് ഡൺസ്റ്റനച്ചൻ സാക്ഷ്യം നല്കി. 'സത്യമായതു വിശ്വസിക്കുക; വിശ്വസിക്കുന്നതു പറയുക; പറയുന്നതു പ്രവർത്തിക്കുക. സത്യത്തിന്റെ അംഗീകരണത്തിൽ നിന്നേ നീതി പുലരുകയുള്ളു.' ഇത് ഡൺസ്റ്റനച്ചന്റെ ജീവിതബോദ്ധ്യമായിരുന്നു. വാക്ചാതുരിയില്ലാതെ, വളച്ചുകെട്ടുകളില്ലാതെ, മനസ്സാ, വാചാ, കർമ്മണാ സത്യത്തിന്റെ ഋജുവായ മാർഗ്ഗത്തിലൂടെ അച്ചൻ സഞ്ചരിച്ചു. അസത്യത്തിനെതിരെ ശബ്ദമുയർത്തി. സമൂഹത്തിൽ ഭൂരിപക്ഷത്തിന്റെ സ്വരം സത്യമായി അംഗീകരിക്കണമെന്ന മിഥ്യാധാരണകൾക്കതീതമായി നിലകൊണ്ടു. പലപ്പോഴും ഏകാകിയായി സത്യത്തിനു സാക്ഷ്യം നൽകി. എതിർപ്പുകളെ അവഗണിച്ചു. പരിക്കുകൾ പരിഗണിക്കാതെ പോരാടി. സത്യസ്നേഹം ആ സാധകനെ അതിന്റെ പ്രവാചകനാക്കി.

താൻ നിശ്ചയിച്ചു നിഷ്ഠയോടെ നയിച്ച വിശുദ്ധ ജീവിതം, വി ശുദ്ധിയിലേക്കു താൻ മാർഗ്ഗമായി സ്വീകരിച്ച സന്ന്യാസസമർപ്പണം, വ്രതങ്ങളുടെ പാലനം, സ്വന്തം കുറവുകളെയും പരാജയങ്ങളെയും അംഗീകരിക്കുന്നതിനും അതിജീവിക്കുന്നതിനുമുള്ള തുറവിയുടെ മനോഭാവം, പ്രാർത്ഥനാജീവിതം, സമൂഹജീവിതം, സുകൃതങ്ങളുടെ അഭ്യസനം, ചുമതലകളുടെ നിർവ്വഹണം

ഡൺസ്റ്റനച്ചൻ പറയുന്നു: 'എനിക്കു ഓർമ്മവെച്ച നാൾ മുതൽ ഇന്നുവരെ പറയത്തക്ക തോൽവി കൂടാതെ നിലനിന്നിട്ടുള്ള ഒരു ഗുണം സത്യത്തോടുള്ള സ്നേഹമാണ്. ഇത് എനിക്കു ജന്മസിദ്ധമെന്നതുപോലെയാണ്. മറ്റു പല ഗുണങ്ങളും ഒരു പരാജയത്തിനുശേഷം തിരുത്തി വീണ്ടും ആരംഭിച്ചതായി ഞാൻ ഓർക്കുന്നു. എന്നാൽ ഇത് അപ്രകാരമല്ല. ചെറുപ്പത്തിൽ തീരെ നിസ്സാരമായ ചില സംഗതികളിൽ കള്ളം പറഞ്ഞിട്ടുണ്ട്. അത് മറ്റുള്ളവരുടെ ശ്രദ്ധയെ ആകർഷിക്കാവുന്ന രീതിയിൽ വല്ലതും വിവരിക്കുമ്പോഴാണു നടന്നിട്ടുള്ളത്. യഥാർത്ഥ്യം എന്നോട് ആവശ്യപ്പെട്ട നേരങ്ങളിൽ ഒരിക്കലും മനഃപൂർവ്വം കള്ളം പറഞ്ഞിട്ടില്ല.'' ''കള്ളം പറയുന്നത് എത്ര നിസ്സാരമായ വിധത്തിലും സാഹചര്യത്തിലും ആയിരുന്നാലും ഒരു ചെറിയ പാപമെങ്കിലുമായിരിക്കുമെന്ന് അറിവു കിട്ടിയതുമുതൽ ഒരിക്കലും അതിനു ഞാൻ തുനിഞ്ഞിട്ടില്ല.''

കോയമ്പത്തൂരിലെ നവസന്ന്യാസഭവനത്തിന്റെ കെട്ടിടപ്പണി നടക്കുന്ന കാലം. പെർമിറ്റ് അനുസരിച്ചു ലഭിച്ച സിമന്റ് ഉപയോഗിച്ചു പണികൾ നടന്നു. ഇടയിൽ സിമന്റ് ലഭിക്കാതെ പണി മുടങ്ങുമെന്ന ഘട്ടത്തിലെത്തി. കെട്ടിടപ്പണിയുടെ ചുമതല വഹിക്കുന്നയാൾ ഒരു ലോഡ് സിമന്റ് അധികവില കൊടുത്തു കരിഞ്ചന്തയിൽ വാങ്ങി. ഡൺസ്റ്റനച്ചൻ അതറിഞ്ഞപ്പോൾ പറഞ്ഞു: ''നമുക്ക് ഈ ഇടപാട് വേണ്ട.'' ''പണി നിറുത്തി വയ്ക്കേണ്ടി വരും.'' ചുമതലക്കാരൻ മുന്നറിയിപ്പു നൽകി. ''അങ്ങനെയെങ്കിൽ പണി നിറുത്തുക. പണി തീരാത്ത, പണിമുടങ്ങിയ കെട്ടിടമായിരിക്കും ഏറ്റവും വലിയ സാക്ഷ്യം. മറ്റുള്ളവർ പണി നടക്കാത്തതിനു കാരണം ചോദിച്ചാൽ നമുക്കു മറുപടി പറയാം.'' അച്ചൻ തന്റെ നിലപാട് അറിയിച്ചു.

ഡൺസ്റ്റനച്ചൻ ഒരു എയ്ഡഡ് വിദ്യാലയത്തിന്റെ മാനേജരായി വർത്തിക്കുന്ന കാലം. ഓരോ വർഷവും പ്രധാനാധ്യാപകൻ വരവു ചെലവു കണക്കുകൾ ശരിപ്പെടുത്തി മാനേജരുടെ ഒപ്പു വാങ്ങി സർക്കാരിലേക്ക് അയക്കുന്ന പതിവുണ്ട്. കണക്കുകൾ പരിശോധിച്ചശേഷമാണ് സർക്കാർ വകുപ്പ് പതിവുള്ള ഗ്രാന്റ് അനുവദിക്കുക. പതിനുസരിച്ച് പ്രധാനാധ്യാപകൻ ഒപ്പു വാങ്ങാനായി മാനേജരായ ഡൺസ്റ്റനച്ചനെ സമീപിച്ചു. കണക്കുകൾ പരിശോധിച്ച അച്ചൻ അതിൽ ചെയ്യാത്ത ചെലവിന്റെ കണക്കു കണ്ടെത്തി. അദ്ദേഹം അതിനു കാരണമന്വേഷിച്ചു. പ്രധാനാധ്യാപകൻ മറുപടി പറഞ്ഞു: 'സർക്കാരിൽ നിന്നു ലഭിക്കാനുള്ള തുക മുഴുവനും ചെലഴിച്ചതായി കണക്കിൽ കാണിക്കണം. അല്പം മാത്രം ചെലവഴിച്ചാൽ തുക തെല്ലും ലഭിക്കാതെ പോകും. അതുകൊണ്ട് കണക്കിൽ അല്പം കൃത്രിമം സാധാരണമാണ്. അതിൽ കുഴപ്പമില്ല.'' പക്ഷെ, ഡൺസ്റ്റനച്ചന് ആ പതിവു പരിപാടിയോടു യോജിക്കാനായില്ല. കള്ളക്കണക്കെഴുതി കിട്ടുന്ന ഗ്രാന്റ് വേണ്ടെന്നു വച്ചു. അങ്ങനെ

## ശുദ്ധമായ മനസ്സാക്ഷി, സത്യസ്നേഹത്തിന്റെ മറുരൂപം

ദൈവം സത്യമാണ്. അവിടുന്നു മനസ്സാക്ഷിയാണ്. ഒരുവന്റെ അന്തരംഗം എന്താണോ പറയുന്നത് അതുതന്നെയാണ് സത്യം. ദൈവത്തിന്റെ, മനസ്സാക്ഷിയുടെ, സത്യത്തിന്റെ അചഞ്ചലമായ മർമ്മരം ഇവയെല്ലാം ഒന്നുതന്നെയാണ്. മഹാത്മാക്കൾക്കു ദൈവവും സത്യവും മനസ്സാക്ഷിയും പര്യായപദങ്ങളത്രെ.

ഡൺസ്റ്റനച്ചനു 'സത്യത്തെക്കുറിച്ചുള്ള ആശയങ്ങളും അതിനോടുള്ള സ്നേഹവും ക്രമേണ വളർന്നതാണെങ്കിലും അതിന്റെ ഒരു ഭാഗമായ അല്ലെങ്കിൽ മറ്റൊരു രൂപമായ മനസ്സാക്ഷിയോടുള്ള ആദരവ് ആദ്യം മുതലെയുണ്ടായിരുന്നു.'' അതുകൊണ്ടു തന്നെ ചെറുപ്രായം മുതൽ മനസ്സാക്ഷിയുടെ രൂപീകരണമെന്നതു തപസായി അദ്ദേഹം കരുതി. അച്ചൻ കുറിക്കുന്നു: 'മറ്റുള്ളവരുടെ അഭിപ്രായങ്ങൾ ഞാൻ കണ്ണടച്ചു പിഞ്ചെന്നിരുന്നില്ല. എന്റെ മനസ്സാക്ഷിയെ ന്യായങ്ങൾകൊണ്ടു തിരുത്താൻ ഞാൻ ഒരുക്കമായിരുന്നു. പക്ഷെ, തിരുത്തുന്നതിനു മുമ്പ് അതിനെ അവഗണിച്ച് എന്തെങ്കിലും ചെയ്യുന്നതിന് അത്ര എളുപ്പം വഴിപ്പെട്ടിരുന്നില്ല.'' ''ജീവിത കാലത്തെ മുഴുവൻ പരിശോധിച്ചുകൊണ്ടുള്ള ആത്മശോധനകൾ ഈ വിഷയത്തിൽ ചെറുപ്പം മുതൽ പലപ്പോഴും ഞാൻ നടത്തിയിട്ടുണ്ട്.''

ജീവിതത്തിലുടനീളം തുടർന്ന ഈ ആത്മീയ പരിശീലനം അദ്ദേഹത്തിന്റെ ജീവിതത്തെ പലപ്പോഴും സംഘർഷപൂരിതമാക്കി. ഏറെ ആന്തരിക സമരം അദ്ദേഹം അനു ഭവിക്കേണ്ടിവന്നു. ''എനിക്കു മറ്റുള്ളവരിൽനിന്നു സഹിക്കേണ്ടി വന്നിട്ടുള്ളവയിൽ മനസ്സാക്ഷിയെ പ്രതി സഹിച്ചിട്ടുള്ളവ മാത്രമെ എന്നെ സ്പർശിച്ചിട്ടുള്ളു.'' അച്ചൻ അനുസ്മരിക്കുന്നു.

## വിശുദ്ധ തോമസ് മൂറിന്റെ വഴിത്താരയിൽ

ജീവിതത്തിൽ സത്യസന്ധത അതിന്റെ പൂർണ്ണതയിൽ പാലിക്കാനുള്ള സമർപ്പണാത്മകമായ പരി ശ്രമത്തിൽ ഡൺസ്റ്റനച്ചനു വഴി കാട്ടിയായി വന്നത് വി. തോമസ് മൂറാണ്. 1935-ൽ തോമസ് മൂർ വിശുദ്ധനായി നാമകരണം ചെയ്യപ്പെട്ടപ്പോൾ അച്ചനു വയസ്സ് 15.

ബ്രിട്ടനിലെ ചക്രവർത്തിയായിരുന്ന ഹെന്റി എട്ടാമന്റെ ആത്മമിത്രവും ആലോചനക്കാരനുമായിരുന്നു തോമസ് മൂർ. സ്വന്തം ഭാര്യയെ ഉപേക്ഷിച്ച് മറ്റൊരു സ്ത്രീയെ വിവാഹം ചെയ്യാനുള്ള രാജാവിന്റെ തീരുമാനത്തെ അനുകൂലിക്കുവാൻ തോമസ് മൂറിനു കഴിഞ്ഞില്ല. പകരം മനസ്സാക്ഷിയുടെ നിമന്ത്രണങ്ങൾക്ക് അടിയറവു പറഞ്ഞു. ചാൻസലർ സ്ഥാനം ഉപേക്ഷിച്ചു. രാജാവിന്റെ പ്രേഷ്ഠമിത്രമെന്ന ആനുകൂല്യം നിരാകരിച്ചു. അദ്ദേഹം കത്തോലിക്കാ വിശ്വാസത്തിൽ ഉറച്ചുനിന്നു; രക്തസാക്ഷിത്വത്തിനു തയ്യാറായി.

ജീവിക്കാൻ അദ്ദേഹത്തിന് ആഗ്രഹമുണ്ടായിരുന്നു. പീഡകളേയും മരണത്തേയും വളരെ ഭയപ്പെട്ടു. ഉറക്കമില്ലാത്ത നിരവധി രാത്രികളിലൂടെ കടന്നുപോയി. എന്നാൽ വരാനിരിക്കുന്ന സഹനത്തെക്കുറിച്ച് ഏറെ ധ്യാനിച്ചു. അതിക്രൂരമായ മരണത്തെ നേരിടാൻ മാനസികമായി ഒരുങ്ങി. സാവധാനം ഭൗതികമായ എല്ലാ മോഹങ്ങളെയും ഭയങ്ങളെയും അദ്ദേഹം അതിജീവിച്ചു. ദൃഢനിശ്ചയം കൊണ്ട് ആശാപാശങ്ങളിൽനിന്നു മോചനം നേടി. മനസ്സാക്ഷി പറഞ്ഞതെന്തോ അതുമാത്രം നിർവ്വഹിച്ചു.

ഭീരുവായ തോമസ് മൂർ തനിക്കു വരാനിരിക്കുന്ന സഹനത്തെ നേരിടുന്നതിനു നടത്തിയ ഒരുക്കം ഡൺസ്റ്റനച്ചനെ ആകർഷിച്ചു. തന്റെ പ്രകൃതിയോടുതന്നെ നടത്തിയ പോരാട്ടത്തിൽ, തോമസ് മൂറിന്റെ മനോഭാവങ്ങളെ തന്റേതുമായി അദ്ദേഹം തുലനം ചെയ്തു. വിശുദ്ധൻ അദ്ദേഹത്തിന്റെ ജീവിത സ്വാധീനവിഷയമായി. ആത്യന്തികമായി അന്തഃകരണത്തിന്റെ സ്വരം നാം ശ്രവിക്കണം. ആ സ്വരവും ശ്രവണവും വിശ്വാസത്തിൽ അധിഷ്ഠിതമായിരിക്കണം. സർവ്വവും ത്യജിച്ച് ആ നിമന്ത്രണങ്ങളെ പിഞ്ചെല്ലണം. സ്വന്തബന്ധങ്ങൾ അതിനു തടസ്സമാകരുത്. ഈ മൂല്യവിശേഷങ്ങളുടെ അതിശക്തമായ അവതാരരൂപമായിരുന്നു ഡൺസ്റ്റനച്ചൻ.

## സത്യനിഷേധം പാപം

ദൈവം സത്യമാണ്. സത്യനിഷേധം ദൈവനിഷേധമാണ്. ദൈവനിഷേധം പാപമാണ്. ജീവിതത്തിൽ പാപത്തെ ഒഴിച്ചുനിറുത്തുവാനുള്ള പ്രമാദമില്ലാത്ത ഉപാധി സത്യത്തെ സ്നേഹിക്കലാണ്. ഡൺസ്റ്റനച്ചൻ കൂടുതൽ വിശദമാക്കുന്നു: 'ദൈവം സകലത്തിന്റെയും നാഥനാണെന്നും എല്ലാവരും തന്റെ ഇഷ്ടം നിറവേറ്റു വാൻ കടപ്പെട്ടിരിക്കുന്നു വെന്നുമുള്ള സത്യത്തിന്റെ പ്രായോഗികനിഷേധം എല്ലാ പാപകർമ്മങ്ങളിലും അടങ്ങിയിരിക്കുന്നു... സകല പാപവും അസത്യമാണ്... സത്യത്തെ സ്നേഹിക്കുന്നവൻ അജ്ഞതയിൽ നിന്നും അബദ്ധങ്ങളിൽനിന്നും വി മോചിതനാകുവാൻ പരിശ്രമിക്കുന്നു.''

സത്യത്തെ പിന്തുടരുമ്പോൾ കാലിടറി വീണാലും നേർവഴിക്കു നയിക്കപ്പെടുമെന്നത് ഡൺസ്റ്റനച്ചന്റെ ബോധ്യമാണ്. 'ഞാൻ ജന്മനാ വളരെ ഭീരുവാണ്. എന്നാൽ എന്റെ ഭീരുത്വത്തേയും ജയിക്കത്തക്കവിധം സത്യസ്നേഹം ദൈവം എനിക്കു തന്നു. ചെറുപ്പം മുതൽ ഇവ രണ്ടും തമ്മിൽ വലിയ പോരാട്ടം എന്നിൽ നടന്നിട്ടുണ്ട്. ദൈവകൃപയാൽ ഞാൻ എപ്പോഴും വിജയിയായി.'' സത്യത്തെ കാർക്കശ്യത്തോടെ പിന്തുടർന്നതിന്റെ ഫലമായി അച്ചനിൽ ഉരുവായ ആത്മാവ ബോധത്തിന്റെ തുറന്നു പറച്ചിലാണിത്.

## സത്യസ്നേഹം സുകൃതസർവ്വം

സത്യസ്നേഹത്തിന്റെ വഴി പൂർണ്ണതയിലേക്കുള്ള സുനിശ്ചിതവഴിയാണ്; ആ വഴി സർവ്വ സുകൃതങ്ങളാൽ സമ്പന്നമാണ്. സത്യത്തിലേക്കുള്ള യാത്ര സുകൃതങ്ങളുടെ പൂർണ്ണത തേടി യുള്ള യാത്രയാണ്. സത്യസ്നേഹവും മറ്റു പുണ്യങ്ങളായ നീതിബോധം, സ്നേഹം, വിശ്വാസം, എളിമ തുടങ്ങിയ പുണ്യങ്ങളും തമ്മി ലുള്ള ബന്ധത്തെക്കുറിച്ചു തനിക്കുള്ള കാഴ്ചപ്പാട് അദ്ദേഹം വ്യക്തമാക്കുന്നു:

'സകല പുണ്യങ്ങളുടെയും അടിസ്ഥാനം എളിമയാണെന്നു പറയാറുണ്ടല്ലോ. ഈ എളിമയുടെയും അടിസ്ഥാനം അല്ലെങ്കിൽ ഈ എളിമതന്നെ സത്യസ്നേഹമാണ്.''

എളിമയെന്നത് എല്ലാ പുണ്യങ്ങളുടെയും അടിസ്ഥാനമാണെന്നതു തിരുസ്സഭയിലെ വിശുദ്ധരിൽ പലരുടെയും അനുഭവവും അഭി മതവുമാണ്. മനുഷ്യനെ സംബന്ധിച്ചു ദൈവത്തിന്റെ അനന്തനന്മയുമായി തുലനം ചെയ്യുമ്പോൾ അവൻ ഒന്നുമല്ല എന്നതു സത്യം. ഈ സത്യം തിരിച്ചറിയുന്നതാണ് എളിമ. ഈ എളിമ ഉള്ളിൽ നിറയുന്നതോടെ സത്യത്തിന്റെ പൂർണ്ണതയിലേക്ക് അവൻ നയിക്കപ്പെടുന്നു. അങ്ങനെ ആത്മനാഥനായ നിത്യ സത്യത്തെ ദർശിക്കാനും അവിടുത്തെ സാന്നിദ്ധ്യം അംഗീകരിക്കാനും മനുഷ്യനു സാധ്യമാകുന്നു.

ഡൺസ്റ്റനച്ചൻ തുടരുന്നു: 'എളിമയാണ് സകല പുണ്യങ്ങളുടേയും അടിസ്ഥാനമെന്നു ചിലപ്പോൾ നാം കേൾക്കാറുണ്ട്. മറ്റു ചിലപ്പോൾ, വിശ്വാസമാണ് എല്ലാ പുണ്യങ്ങളുടെയും അടിസ്ഥാനമെന്നു പറയുന്നു. രണ്ടു പ്രസ്താവനകളും ശരിയാണെന്ന് ആരും സമ്മതിക്കും. അപ്പോൾ എളിമയും വിശ്വാസവും ഒന്നുതന്നെയാണോ? അതെ, രണ്ടും ഒരേ സത്യത്തിന്റെ ഏറ്റുപറച്ചിലാണ്. സൃഷ്ടികർമ്മത്തിന്റെ ഏറ്റുപറച്ചിലാണ്. ദൈവമാണു സ്രഷ്ടാവ് എന്നു പറയുന്നത് വിശ്വാസം. ഞാൻ സൃഷ്ടിയാണെന്നു പറയുന്നത് എളിമ. ഇങ്ങനെ ആഗ്രഹിക്കാവുന്നതെല്ലാം സത്യത്തോടുള്ള സ്നേഹത്തിൽ അടങ്ങിയിരിക്കുന്നു. ദൈവവും ദൈവികമായ സകലവും അതിലുണ്ട്.''

'സത്യത്തിന്റെ അംഗീകരണത്തിൽനിന്നേ നീതി പുലരുകയുള്ളു'' എന്നത് ഡൺസ്റ്റനച്ചന്റെ ബോധ്യമായിരുന്നു. അതുകൊണ്ടു തന്നെ എല്ലാവരെയും സമഭാവനയോടെ കാണുവാനും ഏവരുടെയും അഭിപ്രായങ്ങളോടു തുറവി പുലർത്തുവാനും അദ്ദേഹം ശ്രദ്ധാലുവായി. എതിർശബ്ദങ്ങളെ അച്ചൻ ബഹുമാനിച്ചു. സത്യസ്നേഹം അദ്ദേഹത്തെ നല്ലൊരു കേൾവിക്കാരനാക്കി.

സി.എം.ഐ. സന്ന്യാസസമൂഹത്തിൽ യോഗാർത്ഥികളുടെ പരിശീലകനായി ഡൺസ്റ്റനച്ചൻ നിയമിതനാകുന്നത് 1956-ലാണ്. പരിശീലന ജോലിയിൽ ആത്മാർത്ഥമായി മുന്നേറുന്നതിനിടയിൽ കൊവേന്തയിലെ അച്ചന്മാർ ഗുരുവിൽ ഗുരുതരമായ ഒരു കുറ്റം കണ്ടെത്തി. റെക്റ്ററച്ചൻ കുട്ടികളോടു

കാര്യങ്ങളെക്കുറിച്ച് അവരോടുതന്നെ അഭിപ്രായം ആരായുന്നു. 2-ാം വത്തിക്കാൻ സൂനഹദോസിനു വർഷങ്ങൾക്കുമുൻപ്, ഡയലോഗിനെക്കുറിച്ച് കേട്ടുകേൾവിയില്ലാത്ത കാലത്ത് റെക്റ്ററച്ചൻ കുട്ടികളോട് ആലോചന നടത്തുന്നതു വലിയൊരു അപരാധമായിരുന്നു. എന്നാൽ ആ അപരാധം തിരുത്താൻ അദ്ദേഹം തയ്യാറായില്ല.

എതിരാളിയുടെ പക്ഷത്തും സത്യമുണ്ടാവാം എന്ന പ്രാമാണികതത്വം ഡൺസ്റ്റനച്ചൻ അതിന്റെ പൂർണ്ണതയിൽ ഉൾക്കൊണ്ടിരുന്നു. അതുകൊണ്ടുതന്നെ അദ്ദേഹത്തിന് ആരെയും വെറുക്കാനാകില്ലായിരുന്നു. സ്വന്തം സമൂഹത്തിൽ സത്യത്തിന്റെ വഴിയിൽനിന്നു മാറി നടന്നവരെയെല്ലാം ഹൃദയംകൊണ്ട് ആശ്ലേഷിച്ചു. എല്ലാവരെയും ഉള്ളഴിഞ്ഞു സ്നേഹിച്ചു. സത്യവും സ്നേഹവും വഴിപിരിയാതെ ആ ജീവിതവഴിയിൽ ഒരുമിച്ചൊഴുകി. സത്യം നിറഞ്ഞ സ്നേഹവും സ്നേഹം നിറഞ്ഞ സത്യവും ഡൺസ്റ്റനച്ചന്റെ ജീവിതചര്യയായി. 2006 ഒക്ടോബർ 20-ാം തീയതി നിത്യസത്യത്തിലേയ്ക്കുള്ള തന്റെ തീർത്ഥയാത്ര ഡൺസ്റ്റനച്ചൻ പൂർത്തിയാക്കി.


Show Comments

## Related Stories



**സത്യദീപം-ലോഗോസ് ക്വിസ് : No. 11**

Sathyadeepam · 2 Sep, 2022



**സ്പീച്ച് ആന്റ് ഹിയറിംഗ് സയൻസ്**

എം. ഷൈറജ് IRS · 5 Aug, 2022



**സത്യദീപം-ലോഗോസ് ക്വിസ് : No. 7**

Sathyadeepam · 5 Aug, 2022



**രക്ഷാവചനം : ബൈബിൾ കേൾക്കാം, എപ്പോഴും**

Sathyadeepam · 4 Aug, 2022